**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.01.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ. ഇന്ത്യയുടെ സാമ്പത്തിക നയ രൂപീകരണത്തിൽ കാതലായ പങ്കുവഹിച്ച വ്യക്തിത്വമായിരുന്നു മൻമോഹൻ സിങ്ങെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Kerala Legislative Assembly paid tribute to former Prime Minister Dr. Manmohan Singh. Kerala CM Pinarayi Vijayan Said that Dr. Manmohan Singh played a key role in forming India's economic policies.**

2) ഷാരോൺ വധക്കേസിൽ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ. നടന്നത് ആസൂത്രിത കൊലപാതകമെന്ന് കോടതി.

**In Sharon murder case, a Kerala court awarded death sentence to the prime accused Greeshma**

3) സ്പീക്കർമാരുടെ ദേശീയ സമ്മേളനത്തിന് ഇന്ന് പട്നയിൽ തുടക്കം. ലോക്സഭാ സ്പീക്കർ ഓം ബിർള ഉദ്ഘാടനം നിർവഹിക്കും.

**Lok Sabha Speaker Om Birla to inaugurate All India Presiding Officers' Conference in Patna today.**

4) 47-ാമത് യു.എസ് പ്രസിഡന്റായി ഡോണൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

**Donald Trump will be sworn in as the 47th President of the United States today**

5) ലോക സാമ്പത്തിക ഫോറത്തിന്റെ 55-ാ മത് വാർഷിക യോഗത്തിന് ഇന്ന് തുടക്കം. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ത്യൻ സംഘത്തെ നയിക്കും.

**55th Annual Meeting of World Economic Forum to begin today in Davos; Union Minister Ashwini Vaishnaw to lead Indian delegation at the five day even**

6. ) പ്രഥമ ഖോ ഖോ ലോകകപ്പിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

**President and Prime Minister congratulated the Indian Men and Women's team on winning the first ever Kho Kho World Cup**

&&&&&&&&&&&&&&&&&&

## HEAD LINE – 1

**CM (INTRO)**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിന് ചരമോപചാരം അർപ്പിച്ച് കേരള നിയമസഭ. ഇന്ത്യയുടെ സാമ്പത്തിക നയ രൂപീകരണത്തിൽ കാതലായ പങ്കുവഹിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹമെന്ന് ചരമോചചാരം അർപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

ഭരണഘടനാ മൂല്യങ്ങളെയും ജനാധിപത്യ സംവിധാനത്തെയും സംരക്ഷിക്കുന്നതിന് ഡോ. മൻമോഹൻ സിങ്ങ് സ്വീകരിച്ച നിലപാടുകൾ പ്രശംസനീയമാമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയ്സ്.........................)

സൗമ്യത കാത്തുസൂക്ഷിക്കുമ്പോഴും തീരുമാനങ്ങളിൽ കാർക്കശ്യം പുലർത്തിയ പ്രധാനമന്ത്രിയായിരുന്നു ഡോ. മൻമോഹൻ സിങ്ങെന്ന് സ്പീക്കർ എ എൻ ഷംസീർ അനുസ്മരിച്ചു. രാജ്യത്തിന്റെ വിദൂര ഭാഗങ്ങളിൽ പോലും ഉള്ള ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ പ്രധാനമന്ത്രി എന്ന നിലയിൽ മൻമോഹൻസിങ് നടപ്പാക്കിയ കാര്യങ്ങൾ

ചരിത്രത്തിൻറെ ഭാഗമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അനുസ്മരിച്ചു. വിവിധ കക്ഷിനേതാക്കളും ചരമോപചാരം അർപ്പിച്ചു.

തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞ സഭ നാളെ രാവിലെ 9 മണിക്ക് വീണ്ടും ചേരും.ഗവർണർ ആർ വി ആർലേക്കർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയം നിയമസഭ നാളെമുതൽ മൂന്ന് ദിവസം ചർച്ച ചെയ്യും.

**&&&&&&&&&&&&&&&&&&&**

## HEAD LINE – 2

**<u>SHARON CASE</u>**

ഷാരോൺ വധക്കേസിലെ ഒന്നാം പ്രതി ഗ്രീഷ്മയ്ക്ക് വധശിക്ഷ. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി ആണ് ശിക്ഷ വിധിച്ചത് . നടന്നത് ആസൂത്രിത കൊലപാതകമെന്നും, അപൂർവങ്ങളിൽ അപൂർവമായ കേസാണിതെന്നും കോടതി വിധിന്യായത്തിൽ വ്യക്തമാക്കി. പ്രതിയുടെ പ്രായം കണക്കിലെടുക്കാനാകില്ലെന്നും കോടതി പറഞ്ഞു. 2 ലക്ഷം രൂപ പിഴയും ഗ്രീഷ്മയ്ക്ക് ചുമത്തിയിട്ടുണ്ട്. മൂന്നാം പ്രതിയും ഗ്രീഷ്മയുടെ അമ്മാവനുമായ നിർമല കുമാരന് മൂന്നു വർഷം തടവ് ശിക്ഷയും കോടതി വിധിച്ചു. സമർത്ഥമായി അന്വേഷണം നടത്തിയ കേരളാ പോലീസിനെ കോടതി പ്രത്യേകം അഭിനന്ദിച്ചു.

**&&&&&&&&&&&&&&&&&&&**

## HEAD LINE – 3

**<u>All India Presiding Officers' Conference</u>**

85-ാമത് അഖിലേന്ത്യാ പ്രിസൈഡിങ്ങ് ഓഫീസേഴ്സ് സമ്മേളനത്തിന് ഇന്ന് പട്നയിൽ തുടക്കം. രണ്ട് ദിവസത്തെ സമ്മേളനം ലോക്സഭാ സ്പീക്കർ ഓം ബിർള അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഭരണഘടനയുടെ 75-ാം വാർഷികം: ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടെയും സംഭാവന എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് സമ്മേളനം. ലോക്സഭയിലെയും രാജ്യസഭയിലെയും അധ്യക്ഷൻമാരും, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള

സ്പീക്കർമാരും ഡെപ്യൂട്ടി സ്പീക്കർമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**POST – 75 YEAR CONSTITUTION intro**

***രാജ്യത്തെ അഭിവൃദ്ധിയിലേക്കും പുരോഗതിയിലേക്കും നയിക്കുന്ന വെളിച്ചമാണ് ഭരണഘടന എന്ന് കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് തപാൽ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.***

***(ഹോൾഡ്)***

***നാഷണൽ ഫിലാറ്റലിക് മ്യൂസിയത്തിൽ നടക്കുന്ന മൂന്ന് ദിവസത്തെ പരിപാടിയിൽ സന്ദർശകർക്കായി പ്രശ്നോത്തരി, സ്റ്റാമ്പ് സഫാരി, കത്ത് എഴുത്ത് മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ഭരണഘടനാ മൂല്യങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.***

&&&&&&&&&&&&&&&&&&

## HEAD LINE – 4

**TRUMP OATH**

47-ാമത് യു.എസ് പ്രസിഡന്റായി ഡോണൾഡ് ട്രംപ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഇന്ത്യൻ സമയം രാത്രി 8.30 ന് നടക്കുന്ന ചടങ്ങിൽ യുഎസ് ചീഫ് ജസ്റ്റിസ് ജോൺ റോബർട്സ് സത്യവാചകം ചൊല്ലിക്കൊടുക്കും. വാഷിങ്ടൺ ഡിസിയിൽ അതിശൈത്യം തുടരുന്നതിനാൽ യുഎസ് ക്യാപിറ്റോൾ മന്ദിരത്തിനുള്ളിലെ റോട്ടൻഡ ഹാളിലാണ് സത്യപ്രതിജ്ഞ.

ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ ചടങ്ങിൽ പങ്കെടുക്കും. അർജന്റീന പ്രസിഡന്റ് ജാവിയർ മിലേ, ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, ബ്രസീൽ മുൻ പ്രസിഡന്റ് ജെയർ ബോൾസനാരോ തുടങ്ങി നിരവധി പ്രമുഖർ സത്യപ്രതിജ്ഞാ ചടങ്ങിൽ സന്നിഹിതരാവും. ഇലോൺ മസ്ക്, മാർക്ക് സുക്കർബർഗ്, ടിം കുക്ക്, സാം

ആൾട്ട്മാൻ തുടങ്ങിയ ടെക് വ്യവസായ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കും. സത്യപ്രതിജ്ഞയ്ക്ക് ശേഷം ഡോണൾഡ് ട്രംപ് രാജ്യത്തെ അഭിസംബോധന ചെയ്യും. നവംബറിൽ നടന്ന തിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടിയാണ് ട്രംപ് രണ്ടാംതവണയും യുഎസ് പ്രസിഡന്റ് സ്ഥാനത്തേക്കെത്തുന്നത്.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..........

&&&&&&&&&&&&&&&&&&

## HEAD LINE – 5

**WORLD ECONOMIC FORUM**

ലോക സാമ്പത്തിക ഫോറത്തിന്റെ 55-ാ മത് വാർഷിക യോഗംഇന്ന് സ്വിറ്റ്സർലൻഡിലെ ദാവോസിൽ ആരംഭിക്കും. ഇന്ത്യയുടെ സമഗ്ര വളർച്ചയുടെയും ഡിജിറ്റൽ മേഖലയിലെ മുന്നേറ്റത്തിന്റെയും മാതൃക ഉയർത്തിക്കാ ട്ടാനുള്ള വേദി കൂടിയാണ് അഞ്ച് ദിവസത്തെ പരിപാടി. കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘത്തിൽ കേന്ദ്രമന്ത്രിമാരായ സി.ആർ. പാട്ടീൽ, കെ. റാംമോഹൻ നായിഡു, ചിരാഗ് പാസ്വാൻ, കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി എന്നിവരും ഉണ്ടാകും.

&&&&&&&&&&&&&&&&&&

**GOVERNOR-REPUBLIC DAY**

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ജനുവരി 26 ന് നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ രാവിലെ 9 ന് ദേശീയ പതാക ഉയർത്തും. റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം അദ്ദേഹം റിപ്പബ്ലിക് ദിന സന്ദേശവും നൽകും. ജില്ലാ ആസ്ഥാനങ്ങളിലും, തദ്ദേശ തലത്തിലും, ഓഫിസ്, സ്കൂൾ, കോളജ്, തുടങ്ങിയ

പൊതു സ്ഥാപനങ്ങളിലും അന്നേ ദിവസം ആഘോഷ പരിപാടികൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

**SABARIMALA**

മകരവിളക്ക് തീർഥാടനത്തിന് സമാപനം കുറിച്ച്ശബരിമല ക്ഷേത്ര നട ഇന്ന് രാവിലെ 6.30 ന് അടച്ചു. തിരുവാഭരണ പേടകസംഘം രാവിലെ ആറിന് പതിനെട്ടാം പടിയിറങ്ങി പന്തളത്തേക്ക് മടങ്ങി. തുടർന്ന് പന്തളം രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷമാണ് നട അടച്ചത്. അഭൂതപൂർവമായ ഭക്തജനതിരക്കിനാണ് ഈ മണ്ഡല മകരവിളക്ക് തീർത്ഥാടനകാലം സാക്ഷ്യം വഹിച്ചത്. 53 ലക്ഷത്തോളം ഭക്തജനങ്ങൾ ഈ തീർത്ഥാടന കാലത്ത് ശബരിമല ദർശനം നടത്തിയതായാണ് ദേവസ്വം ബോർഡിന്റെ പ്രാരംഭ കണക്കുകൾ.

&&&&&&&&&&&&&&&&&&

## HEAD LINE – 6

**PREZ-PM - KHO KHO**

പ്രഥമ ഖോ ഖോ ലോകകപ്പിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. ഈ ചരിത്ര വിജയം രാജ്യത്തെ യുവജനങ്ങളെ ഏറെ പ്രചോദിപ്പിക്കുമെന്നും, ഖോ ഖോ-യെ കൂടുതൽ ജനപ്രിയമാക്കാൻ ഇത് സഹായിക്കുമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ടീമംഗങ്ങളുടെ സമാനതകളില്ലാത്ത നിശ്ചയദാർഢ്യത്തിന്റേയും കൂട്ടായ പ്രയതനത്തിൻറെയും ഫലമാണ് ഈ ചരിത്രവിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു . ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള പരമ്പരാഗത കായിക ഇനമായ ഖോ ഖോ-യിലേക്ക് ജനശ്രദ്ധയാകർഷിക്കാൻ ഈ നേട്ടം കാരണമായതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**JAISHANKAR - JAPAN & AUSTRALIA**

വിദേശകാര്യമന്ത്രി എസ് ജയശങ്കർ ജാപ്പനീസ് വിദേശകാര്യമന്ത്രി ടക്കേഷി ഇവായയുമായി വാഷിങ്ടണ്ണിൽ കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരം, ക്വാഡ് രാജ്യങ്ങളുടെ വികസനം തുടങ്ങിയവ ചർച്ച ചെയ്തതായി ശ്രീ എസ് ജയശങ്കർ സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നി വോങ്ങുമായും കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

## VP – DELHI

ഇന്ത്യൻ കാഴ്ചപ്പാടുകളിലൂടെയും ചിന്തകളിലൂടെയുമാകണം ഭാരതീയ സംസ്കാരത്തെ മനസിലാക്കേണ്ടതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിലെ ഭാരതീയ വിദ്യാ ഭവനിൽ നന്ദലാൽ നുവാൽ സെൻറർ ഓഫ് ഇൻഡോളജിയുടെ തറക്കലിടൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## TRAINS DELAYED

ഡൽഹിയിലെ മൂടൽ മഞ്ഞ് ട്രെയിൻ ഗതാഗതത്തെ സാരമായി ബാധിച്ചു. രാജ്യതലസ്ഥാനത്തേക്കുള്ള 19 ട്രെയിനുകൾ മണിക്കൂറുകൾ വൈകി ഓടുന്നതായി ഇന്ത്യൻ റെയിൽവേ അറിയിച്ചു. അയോധ്യ എക്സ്പ്രസ്, ഗരീബ് രഥ്, ഗോവ എക്സ്പ്രസ്, പദ്മാവത് എക്സ്പ്രസ്, എന്നിവ വൈകിയോടുന്ന ട്രെയിനുകളിൽ ഉൾപ്പെടുന്നു. ട്രെയിനുകളുടെ തത്സമയ വിവരങ്ങൾ യാത്രയ്ക്ക് മുമ്പായി പരിശോധിക്കണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## MAHAKUMBH – FOOD SAFETY

പ്രയാഗ്‌രാജിൽ നടക്കുന്ന മഹാ കുംഭമേളയോടനുബന്ധിച്ച് ദശലക്ഷക്കണക്കിനു വരുന്ന ഭക്തർക്ക് സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കാൻ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ ശക്തമായ നടപടികൾ ആരംഭിച്ചു. ഫുഡ് സേഫ്റ്റി ഓഫീസർമാരെയും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളെയും മേഖലയിൽ

വിന്യസിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പരാതികൾ ഉടനടി പരിഹരിക്കാനും അടിയന്തര നടപടി ഉറപ്പാക്കാനുമാണ് നിർദ്ദേശം.

&&&&&&&&&&&&&&&&&&

**HOCKEY-HIL**

ഹോക്കി ഇന്ത്യാ ലീഗ് വനിതകളുടെ മത്സരത്തിൽ ഒഡീഷ വാരിയേഴ്സ് ശ്രാച്ചി റാർ ബംഗാൾ ടൈഗേഴ്സിനെ 4-1ന് പരാജയപ്പെടുത്തി. ഇന്നലെ റൂർക്കേലയിലെ ബിർസ മുണ്ട സ്റ്റേഡിയത്തിലായിരുന്നു മത്സരം. നിലവിൽ എട്ട് പോയിൻറുമായി വാരിയേഴ്സ് പട്ടികയിൽ മുന്നിലാണ്.

&&&&&&&&&&&&&&&&&&

**UNDER 19 WOMEN TWENTY 20**

ഐ.സി.സി. അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിന്റെ രണ്ടാം പതിപ്പിൽ നാളെ ഇന്ത്യ , മലേഷ്യയെ നേരിടും .ക്വാലാലംപൂരിൽ നടന്ന ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ വെസ്റ്റ്-ഇൻഡീസിനെ 9 വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&